# 49

# ദൈവം ഓർക്കുമ്പോൾ

## (വെളിപ്പാട് 15:1, 6, 7; 16:1- 9, 19)

നാം വെളിപ്പാട് 16 വായിക്കുമ്പോൾ, "ഒരു വലിയ പ്രളയം പോലെയുള്ള വിപത്തിനായി, യോഹന്നാൻ എല്ലാ സംഭവങ്ങളിൽനിന്നും ദൈവത്തിന്റെ ക്രോധം അവിശ്വാസമുള്ള ലോകത്തിലേക്ക് പകരുവാൻ ഒരുങ്ങി എന്ന് തോന്നുന്നു."[1] അപ്പൊസ്തലന്റെ വിവരണ വാക്കുകളിൽ ദൈവക്രോധത്തെ എടുത്തുകാണിക്കുന്നതിൽ ഇതിനേക്കാൾ വിറങ്ങലിപ്പിക്കുന്ന വാക്കുകൾ കാണുകയില്ല: "ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോന്നു കൊടുക്കേണ്ടതിന് അവളെ ദൈവസന്നിധിയിൽ *ഓർത്തു*" (16:19; എംഫസിസ് മൈൻ.)[2]

നമ്മുടെ ദൈവം "കരുണയും കൃപയും നിറഞ്ഞ ദൈവമാകുന്നു. ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയും ഉള്ളവൻ തന്നെ" (സങ്കീർത്തനങ്ങൾ 86:15). അവന്റെ ക്ഷമ ഐതിഹാസികമാണ് (റോമർ 2:4; 1 പത്രൊസ് 3:20). അക്കാരണത്താൽ, ചിലപ്പോൾ, മനുഷ്യരുടെ സ്പഷ്ടമായ അനുസരണക്കേട് അവൻ മറക്കുന്നു എന്ന് തോന്നിയേക്കാം. പക്ഷെ അവൻ ഒന്നും മറന്നിട്ടില്ല. അവൻ മനുഷ്യരെ ഓർപ്പിക്കും; മുന്നറിയിക്കും - എന്നിട്ടും തിരിയുന്നില്ലെങ്കിൽ, ശിക്ഷണ ശ്രമത്തിലേക്ക് തിരിയും. പിന്നെ ദൈവം എല്ലാ പാപങ്ങളും മറക്കാതെ ഓർമ്മിക്കുകയും - അവന്റെ ക്രോധം ഒഴിക്കുകയും ചെയ്യും! മൊത്തത്തിൽ അതാണ് അദ്ധ്യായം 16. ദൈവത്തിന്റെ ക്രോധകലശത്തിൽ നിന്നും നാം പഠിക്കുവാൻ അവൻ ആഗ്രഹിക്കുന്നത് അതാണ്.

### ദൈവക്രോധം ശേഖരിച്ചിരിക്കുന്നു (15:1, 6, 7; 16:1)

15:1-ൽ നമ്മോട് പറഞ്ഞിരിക്കുന്നത് "ദൈവക്രോധം അവസാനിപ്പിക്കുന്ന, ഒടുക്കത്തെ ഏഴു ബാധയുള്ള ഏഴ് ദൂതന്മാരെ" കുറിച്ചാണ്. 15:6-ൽ "ഏഴ് ബാധകളുള്ള ഏഴ് ദൂതന്മാർ ദൈവാലയത്തിൽനിന്നു പുറപ്പെട്ടു വന്നു." 15:7-ൽ "നാല് ജീവികളിൽ ഒന്ന്, ദൈവത്തിന്റെ കോപം നിറഞ്ഞ ക്രോധകലശങ്ങൾ ദൂതന്മാർക്ക് കൊടുത്തു." 16:1-ൽ "ദൈവാലയത്തിൽനിന്ന് വലിയോരു ശബ്ദം" ഏഴ് ദൂതന്മാരോട് പറഞ്ഞു "നിങ്ങൾ പോയി ക്രോധകലശം ഭൂമിയിൽ ഒഴിച്ചുകളവിൻ." (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഏഴ് ക്രോധകലശം" എന്ന ചിത്രീകരണം നോക്കുക.) പിന്നെ അദ്ധ്യായം 16 ആ കലശങ്ങൾ കാലിയാക്കുന്നതിനെ വിവരിക്കുന്നു.

കഴിഞ്ഞ പാഠത്തിൽ പറഞ്ഞതുപോലെ, ന്യായവിധിയുടെ ചക്രഗതികളിൽ മൂന്നാമത്തേതാണ് ഇത്: ആദ്യം നാം ഏഴു മുദ്രകൾ കണ്ടു (അദ്ധ്യായം 4 മുതൽ 7 വരെ), പിന്നെ ഏഴ് കാഹളങ്ങൾ (അദ്ധ്യായം 8 മുതൽ 11 വരെ), ഇപ്പോൾ നാം ഏഴ് കലശങ്ങൾ കാണുന്നു (അദ്ധ്യായം 15 ഉം 16 ഉം).[3] ഈ മൂന്നു പരമ്പരകളിലും പൊതുവായ പല കാര്യങ്ങളുണ്ട്: (1) ദർശനങ്ങളുമായി അടുത്ത ബന്ധമുള്ള നാല് എന്ന ഒരു കൂട്ടവുമായാണ് ഓരോന്നും ആരംഭിക്കുന്നത്, പിന്നെ ദർശനങ്ങളുമായി അകന്ന ബന്ധമുള്ള മൂന്ന് എന്ന കൂട്ടമായി

തുടരുന്നു. (2) ഓരോന്നിലും റോമൻ വീഴ്ച്ചക്ക് മൂന്നു ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു: പ്രകൃതി ദുരന്തവും, ആഭ്യന്തര നാശവും, ബാഹ്യ ആക്രമണവും.[4] (3) ആറാമത്തെയും ഏഴാമത്തെയും ദർശനങ്ങൾക്കിടയിൽ ഓരോ തടസങ്ങൾ നേരിടുന്നു.[5] (4) ഓരോന്നും ദൈവശക്തി പ്രദർശിപ്പിച്ചുകൊണ്ടാണ് അവസാനിപ്പിക്കുന്നത്. എങ്ങനെയായാലും, ആ *പരമ്പരകളിലെ* അവസാന രണ്ടെണ്ണം അടുത്തിരിക്കുന്നു. അവയിലെ പൊതുവായ മൂലകങ്ങൾ ശ്രദ്ധിക്കുക:

| **കാഹളങ്ങൾ**<br>(വെളി 8-11) | **കലശങ്ങൾ**<br>(വെളി 16) |
|---|---|
| 1. ഭൂമി | 1. ഭൂമി |
| 2. സമുദ്രം | 2. സമുദ്രം |
| 3. നദികളും അരുവികളും | 3. നദികളും അരുവികളും |
| 4. സൂര്യൻ/സ്വർഗീയസംഘങ്ങൾ | 4. സൂര്യൻ |
| 5. യാതന | 5. വേദന |
| 6. യൂഫ്രെത്തോസും സൈന്യവും സൈന്യവും | 6. യുഫ്രത്തൊസും |

ആ ബന്ധം നിമിത്തം, കലശങ്ങൾ മനസിലാക്കുവാൻ ആദ്യം നാം കാഹളങ്ങളെ അവലോകനം നടത്തണം.[6] നാം കാഹളങ്ങളെ കുറിച്ച് പഠിച്ചപ്പോൾ, *പാപത്തിന്റെ ഫലത്തിനാണ്* നാം മുഖ്യമായും ഊന്നൽ കൊടുത്തത്: പാപത്തിന്റെ ഫലം പ്രപഞ്ചത്തിൽ (ആദ്യം നാല് കാഹളങ്ങൾ), വ്യക്തിയിൽ (അഞ്ചാമത്തെ കാഹളം), മറ്റുള്ളവരിൽ (ആറാമത്തെ കാഹളം), പാപത്തിന്റെ ഫലം പ്രപഞ്ചത്തിൽ, വിപത്തുക്കളായി വരുന്നത്, ചുഴലിക്കാറ്റും, കൊടുങ്കാറ്റും പ്രളയം മുതലായവയാണ് എന്ന് പറഞ്ഞു. വ്യക്തിയിൽ പാപത്തിന്റെ ഫലമായി അയാൾക്ക് കുറ്റാരോപണ മനസാക്ഷി എന്ന വേദനയും മറ്റു അനന്തരഫലങ്ങളുമാണ് ഉണ്ടാകുന്നത്. മറ്റുള്ളവരിൽ പാപത്തിന്റെ ദൂര-വ്യാപകഫലമായി, യുദ്ധം ഉപയോഗിക്കാവുന്നതാണ്. മനുഷ്യർക്ക് ഈ *മുന്നറിയിപ്പു*കൾ അവൻ നൽകുന്നത് മനുഷ്യർ പാപത്തിൽനിന്ന് പിന്തിരിഞ്ഞ് ദൈവത്തിലേക്ക് വരുവാനാണ് എന്നും നാം പറയുകയുണ്ടായി.

കാഹളങ്ങളും കലശങ്ങളും തമ്മിൽ പല സമാനതകളുള്ളതിനാൽ, അത് ഒരു "പുനരാ-വർത്തനം"[7] ആണെന്ന് ധരിക്കരുത്. സമാനതകൾ പ്രാധാന്യമുള്ളവയാണ്, അതുപോലെ തന്നെയാണ് വ്യത്യാസങ്ങളും:

(1) കാഹളങ്ങളും കലശങ്ങളും അവയുടെ പ്രവൃത്തികളിൽ വ്യത്യാസ*മുണ്ടായിരുന്നു*: കാഹളങ്ങൾ മനുഷ്യരിൽ പരോക്ഷമായാണ് ബാധിച്ചിരുന്നത്; മൂന്നാമത്തെ കാഹളം വരെ മനുഷ്യരെ കുറിച്ച് പറഞ്ഞിരുന്നില്ല (8:11). അതിന് വ്യത്യസ്തമായി, ഒന്നാമത്തെ കലശം മുതൽ, മനുഷ്യരിൽ നേരിട്ട് ഉന്നം വെച്ചിരുന്നു; പ്രത്യേകിച്ച്, "മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിച്ചവരെയും മൃഗത്തിന്റെ മുദ്ര ഏറ്റവരെയും" (16:2). ദൈവക്രോധം ഒഴിച്ചപ്പോൾ ഒരു കരുണയും കാണിച്ചില്ല.

(2) കാഹളങ്ങളുടേയും കലശങ്ങളുടേയും പ്രവൃത്തികളുടെ *തീവ്രതയിൽ* വ്യത്യാസമുണ്ടായിരുന്നു: കാഹളങ്ങൾ ബാധിച്ചത് മൂന്നിലൊന്നിനെയായിരുന്നു (8:7-12; 9:15, 18). എന്നാൽ കലശങ്ങൾക്ക് അത്തരം പരിമിതിയില്ലായിരു

ന്നു (16:3 നോക്കുക). ദൈവക്രോധം ഒഴിക്കുമ്പോൾ, ഒരു നിയന്ത്രണവുമില്ല.

(3) കാഹളങ്ങളുടേയും കലശങ്ങളുടേയും പ്രവൃത്തികളുടെ *വേഗതയിൽ* വ്യത്യാസമുണ്ടായിരുന്നു: കലശങ്ങളോടുകൂടി നിന്ന ദൂതന്മാർക്ക് ഒരൊറ്റ കൽപനയായിരുന്നു കൊടുത്തത് (16:1), അതിനുശേഷം, ഓരോ കലശം വേഗത്തിൽ ഒഴിക്കുകയായിരുന്നു. അഞ്ചാമത്തെ കലശം ഒഴിച്ചപ്പോൾ (16:8), ആളുകളിൽ ഒന്നാമത്തെ കലശം ഒഴിച്ചതിന്റെ ഫലമായുണ്ടായ പുണ്ണുകൾ അപ്പോഴുമുണ്ടായിരുന്നു (16:2, 9). ദൈവക്രോധം ഒഴിക്കുമ്പോൾ, താമസം ഒട്ടും കാണുകയില്ല.

ഏറ്റവും പ്രധാനപ്പെട്ടതിന്റെ ഭാഗമായിരുന്നു ആദ്യത്തെ മൂന്ന് വ്യത്യാസങ്ങൾ: (4) കാഹളങ്ങളുടേയും കലശങ്ങളുടേയും പ്രവൃത്തികളുടെ *ഉദ്ദേശങ്ങളിൽ* വ്യത്യാസമുണ്ടായിരുന്നു. നാം ശ്രദ്ധിച്ചതുപോലെ, കാഹളങ്ങൾ വേദനയും ദുഃഖവുമാണ് വരുത്തിയതെങ്കിലും (കൂടാതെ, ഒരു അളവ് വരെ മരണവും) പ്രാഥമികമായ ഉദ്ദേശം *മുന്നറിയിക്കുക*യായിരുന്നു.[8] ദൈവം ചെയ്യുന്നത് പാപിയുടെ ശ്രദ്ധ ആകർഷിക്കുകയായിരുന്നു. കാഹളങ്ങളുടെ ഉദ്ദേശം ചുരുക്കി പത്രൊസിന്റെ വാക്കുകളിൽ പറയാം: "എല്ലാവരും മാനസാന്തരപ്പെടുവാൻ നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നേയുള്ളു" (2 പത്രൊസ് 3:9).

നേരെ മറിച്ച്, കലശങ്ങളുടെ പ്രാഥമികമായ ഉദ്ദേശം മുന്നറിയിക്കുക എന്നതായിരുന്നില്ല, *ശിക്ഷിക്കുക* എന്നതായിരുന്നു.[9] കലശങ്ങളിൽ, "ദൈവ *ക്രോധം* നിറഞ്ഞിരുന്നു" (15:7; എംഫസിസ് മൈൻ; കൂടാതെ 15:1; 16:1, 19). *തൂമോസ്* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "ക്രോധം" എന്ന വാക്ക്, അതിനർത്ഥം, "അതിയായ കോപം, ദേഷ്യം"[10] "വികാരം വ്രണപ്പെട്ട അവസ്ഥ, ഉള്ളിലെ കോപാഗ്നി ആളിക്കത്തി പടർന്നു".[11]

കൂടാതെ, ആ ബാധകളെ അല്ലെങ്കിൽ കലശങ്ങളെ "*അവസാനത്തേത്* എന്നു പറഞ്ഞിരിക്കുന്നു, കാരണം അതിൽ ദൈവക്രോധം *തീർന്നു*."[12] (15:1; എംഫസിസ് മൈൻ). "തീർന്നു" എന്നതിന്റെ ഗ്രീക്ക് വാക്കിന്റെ അർത്ഥം, "അവസാനിച്ചു," "പൂർത്തിയാക്കി"[13] എന്നാണ്. അത് സൂചിപ്പിക്കുന്നത്, "നിവർത്തിയാക്കി, പാകമാക്കി"[14] എന്നാണ്. യേശു അതേ വാക്ക് ക്രൂശിൽ വെച്ച് ഉറക്കെ പറയുകയുണ്ടായി, "അതു പൂർത്തിയായി!" (യോഹന്നാൻ 19:30). എല്ലാം നിവർത്തിയായി, അല്ലെങ്കിൽ പൂർത്തിയായി എന്നല്ല ഉദ്ദേശിക്കുന്നത്, മറിച്ച് ചർച്ച ചെയ്തുകൊണ്ടിരുന്നതു പൂർത്തിയായി എന്നാണ്.[15] വെളിപ്പാട് 15 ലും 16 ലും, ദൈവം മനുഷ്യരോട് ഇടപെടുന്നതായിരുന്നു ചർച്ചാവിഷയം. മനുഷ്യന്റെ പ്രയോജനമില്ലാത്ത അനാസ്ഥ മാറ്റുവാൻ *ചെയ്യാവുന്നതെല്ലാം* ദൈവം ചെയ്തു. അതുകൊണ്ട് ദൈവത്തിന് തുടങ്ങി വെച്ചത് "അവസാനിപ്പിക്കുവാൻ" സമയമായി. മനുഷ്യന്റെ പാപത്തെ കുറിച്ച് ഓർക്കുവാൻ സമയമായി!

നമ്മുടെ അമ്മമാർ "ഞാൻ പറഞ്ഞതാണല്ലോ!" എന്ന് പലപ്പോഴും പറഞ്ഞിട്ടുള്ളത് നാം ഓർക്കുന്നുണ്ടല്ലോ. നമ്മുടെ തെറ്റുകളെ ആവർത്തിച്ചാവർത്തിച്ച് മുന്നറിയിച്ചത് ക്ഷമയോടെ ആയിരുന്നു. എന്നാൽ ഒരു സമയം വരുമ്പോൾ, ക്ഷമ നശിച്ച് കോപത്തോടെ ശിക്ഷിക്കുമ്പോൾ പറയും, "ഞാൻ പറഞ്ഞിരുന്നതല്ലേ!" "ഞാൻ പറഞ്ഞതല്ലേ!" എന്നത് സൂചിപ്പിക്കുന്നത്, മുന്നറിയിപ്പിന്റെ സമയം കഴിഞ്ഞു, ഇനി അനന്തരഫലത്തിനുള്ള സമയമാണ് എന്നത്രെ. അദ്ധ്യായം 15 ലും 16 ലും ദൈവം പശ്ചാത്തപിക്കാത്ത ലോകത്തോട് പറയുന്നത് "ഞാൻ പറഞ്ഞു കഴിഞ്ഞു!" എന്നാണ്.[16]

ചിലപ്പോൾ, കാറോടിച്ചുപോകുമ്പോൾ, "അവസാന അവസരം" എന്ന

ബോർഡ് കടന്നുപോകും: "അമ്പതു മൈലിനുള്ളിൽ പെട്രോൾ അടിക്കുവാനുള്ള അവസാന അവസരം," "വെള്ളത്തിനുള്ള അവസാന അവസരം," "ആഹാരത്തിനുള്ള അവസാന അവസരം" തുടങ്ങിയ മുന്നറിയിപ്പുകളാണുള്ളത്. ഒന്നോ, രണ്ടോ പ്രാവശ്യം കാറുകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടിട്ടുണ്ട്. ആ ഡ്രൈവർമാർ മുന്നറിയിപ്പുകളെ അവഗണിച്ചിരിക്കാം. ബോർഡുകളെല്ലാം മനുഷ്യരുണ്ടാക്കി വെച്ചവയാണ്. മുഴുവനും ശരിയായിരിക്കണമെന്നില്ല; പക്ഷെ ദൈവത്തിന്റെ മുന്നറിയിപ്പുകൾ, "അവസാന അവസരം" എന്നു പറയുമ്പോൾ, അവൻ അതു തന്നെയാണ് ഉദ്ദേശിക്കുന്നത്!

ഗലാത്യർ 6:7 ലെ സത്യമാണ് അദ്ധ്യായം 15 ഉം 16 ഉം വരച്ചുകാണിക്കുന്നത്: "വഞ്ചനപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും." ദൈവത്തിന്റെ ക്രോധം ഒഴിക്കുമ്പോൾ, പിന്നെ മാനസാന്തരപ്പെടുവാനുള്ള അവസരം മനുഷ്യന് ലഭിക്കുകയില്ല.

അദ്ധ്യായം 15 ഉം 16 ഉം അന്തിമ വിധിയെ കുറിച്ചാണോ അതോ താൽക്കാലിക വിധിയെ കുറിച്ചാണോ പറയുന്നത് എന്നതിനെ കുറിച്ച് കമെന്ററികൾ ചർച്ചകൾ നടത്തിയിട്ടുണ്ട്. സന്ദർഭം (പുസ്തക സന്ദർഭവും ആനുകാലിക സന്ദർഭവവും) അനുകൂലിക്കുന്നത്, വേദഭാഗം റോമാ സാമ്രാജ്യത്തിന്റെ നാശത്തെയാണ് ബോധ്യമാക്കുന്നത് എന്നത്രെ. കലശങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ മഹതിയാം ബാബിലോൻ വീഴുന്നു (16:19), അടുത്ത അദ്ധ്യായത്തിൽ അത് റോമാ നഗരമാണെന്ന് തിരിച്ചറിയുന്നു (17:9, 18). എങ്ങനെയായാലും, തങ്ങളെ ഉപദ്രവിക്കുന്ന റോമാ സാമ്രാജ്യത്തെ വിധിക്കുവാൻ ദൈവം വരുമെന്ന് ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ മനസിലാക്കി, എന്നാൽ ചില വാക്യങ്ങൾ (16:18–21) ന്യായവിധി നാളിനെ പോലെ തോന്നും.

അദ്ധ്യായം 16 നെ മൂന്നു പ്രായോഗികത വരുത്തുന്നതു നന്നായിരിക്കും. (1) യോഹന്നാന്റെ കാലത്ത്, ആ അദ്ധ്യായത്തിൽ റോമാ സാമ്രാജ്യത്തിന് പ്രത്യേക പ്രായോഗികത ഉൾപ്പെട്ടിരുന്നു. (2) ഒരു വ്യക്തിയിൽനിന്നായാലും ഒരു ദേശത്തുനിന്നായാലും *ആരു തന്നെയായാലും* അനാസ്ഥയോ അനുസരക്കേടോ തുടർന്നാൽ ദൈവം അത് സഹിക്കുകയില്ല. സങ്കീർത്തനക്കാരൻ എഴുതി, "ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്ക് തിരിയും" (സങ്കീർത്തനങ്ങൾ 9:17; കെജെവി). ചരിത്രം മുഴുവനും ഈ സത്യം നിറഞ്ഞു നിൽക്കുകയാണ്. സപ്രസിദ്ധ ചരിത്രകാരനായിരുന്ന ആർനോൾഡ് ടോയെമ്പി പറഞ്ഞത് പത്തൊമ്പത് സംസ്ക്കാരങ്ങൾ ചരിത്ര താളുകളിൽകൂടെ കടന്നുപോയതിൽ പതിനാറെണ്ണവും നശിച്ചുപോയി എന്നാണ്.[17] ജിം മെക്ഗ്വിഗിൻ ഊന്നി പറഞ്ഞു, "ദൈവം സകല മനുഷ്യരോടും സകല കാലത്തും ഇടപെടും എന്ന തത്വം പുസ്തകത്തിൽ പഠിപ്പിക്കുന്നത് അന്ന് വിശ്വാസ്യയോഗ്യമായിരുന്നതുപോലെ എല്ലായ്പോഴും വിശ്വാസ്യതയുള്ളതാണ്."[18] (3) അദ്ധ്യായം 16-ൽ ഒഴിക്കുന്ന ദൈവക്രോധം, അഭക്തരിൽ "അവസാന നാളിൽ" വരുവാനിരിക്കുന്നത് മുന്നറിയിച്ചിരിക്കയാണ് (യോഹന്നാൻ 12:48). എഡ്വേർഡ് മാക്ഡ്വേൽ പറഞ്ഞു,

> ദൈവക്രോധത്തിന്റെ അന്തിമപ്രകടനവും ഭൂമിയിലുള്ള പ്രകടനവും തമ്മിലുള്ള കൃത്യമായ ഒരു വേർപിരിവ് പുതിയനിയമത്തിൽ പറഞ്ഞിട്ടില്ല. എന്നാൽ ചരിത്രത്തിൽ പ്രദർശിപ്പിച്ച ക്രോധം അവസാന ന്യായവിധിയിലാണ് പൂർത്തീകരിക്കുന്നത്.[19]

നാം ഓരോരുത്തരും അദ്ധ്യായത്തിൽനിന്നു ചില പാഠങ്ങൾ പഠിക്കണം: (1) ന്യായവിധി തീർച്ചയുള്ളതാണ്. (2) എല്ലാവരും തന്റെ അടുക്കലേക്ക് വരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിന് അവൻ എല്ലാ ശ്രമങ്ങളും നടത്തും. (3) നാം തുടർച്ചയായി അവന്റെ കരുണയെ തള്ളിക്കളഞ്ഞാൽ, നമ്മുടെ ഹൃദയം കഠിനപ്പെട്ടുപോകും. (4) അങ്ങനെ സംഭവിക്കുമ്പോൾ, അവന്റെ കോപം അനുഭവിക്കുകയല്ലാതെ തരമില്ല! അങ്ങനെ വരുമ്പോൾ, നാം എബ്രായർ 10:31 ലെ സത്യം അറിയണം: "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം!"

## ദൈവത്തിന്റെ ക്രോധം ഒഴിച്ചു (16:1-9)

ചിലർ തടസം ഉന്നയിച്ചേക്കാം, "തിർച്ചയായും, ജീവനുള്ള ദൈവത്തി*ന്റെ* കയ്യിൽ വീഴുന്നതു അത്ര ഭയങ്കരമാകാനിടയില്ല." നിങ്ങൾ അങ്ങനെയാണ് വിചാരിക്കുന്നതെങ്കിൽ, ഏഴ് കലശങ്ങൾ നോക്കുക.

ഈ പാഠത്തിൽ, നാം ആദ്യ നാല് കലശങ്ങളും, അടുത്ത പാഠത്തിൽ, അവസാനത്തെ മൂന്നും നാം പരിശോധിക്കും. എങ്ങനെയായാലും, നാം അതു നോക്കുന്നതിനു മുൻപ്, പശ്ചാത്തലം അൽപം കൂടെ നോക്കേണ്ടതുണ്ട്: കലശങ്ങൾ അടിസ്ഥാനപരമായി സമാനതയുള്ളതാണെങ്കിലും, ഭാവനയിൽ വ്യത്യാസങ്ങൾ നിരവധിയാണ്. മിസ്രയിമിലയച്ച ബാധകൾ ഭാരമുള്ളവയാ യിരുന്നു എന്ന് കാണിക്കുന്നതായിരുന്നു കലശങ്ങൾ.[20] അദ്ധ്യായം 15 ലും 16 ലും അഞ്ചു പ്രാവശ്യം കലശങ്ങളെ "ബാധകൾ" എന്നു വിളിച്ചിരിക്കുന്നു (15:1, 6, 8; 16:9, 21). പത്തു ബാധകളിൽ അഞ്ചെണ്ണവും ഏഴ് കലശങ്ങളിൽ പ്ര തിഫലിപ്പിച്ചിരിക്കുന്നു:[21]

> വെള്ളം രക്തമായി തീർന്നതായിരുന്നു ആദ്യത്തെ ബാധ
> (പുറ 7:14–25), അത് രണ്ടും മൂന്നും
> കലശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു (വെളി 16:3–7).
> തവളകൾ ദേശത്തെങ്ങും നിറഞ്ഞതായിരുന്ന രണ്ടാമത്തെ ബാധ
> (പുറ 8:1–15), ഒരുപക്ഷെ മൂന്നു തവളകളുടെ
> ഭാവനയായി പറഞ്ഞിരിക്കയാവാം (റെവ 16:13).
> മൃഗങ്ങളിലും മനുഷ്യരിലും പരുക്കൾ പുറപ്പെട്ടതായിരുന്നു, ആറാമത്തെ
> ബാധ (പുറ 9:8–12), ആദ്യ കലശത്തിന്റെ ഫലമായി
> പ്രതിഫലിപ്പിച്ചു (വെളി 16:2).
> മിസ്രയിം ദേശത്തെ നശിപ്പിച്ച കന്മഴയായിരുന്നു,
> ഏഴാമത്തെ ബാധ (പുറ 9:18–35), അത്
> "വലിയ കന്മഴയായി" കാണിച്ചിരിക്കുന്നു (വെളി 16:21)
> ഏഴാമത്തെ കലശം ഒഴിച്ച ശേഷം.
> ഒമ്പതാമത്തെ ബാധയായ, ദേശം മുഴുവൻ ഇരുട്ട്
> വ്യാപിച്ചു (പുറ 10:21–29), അത് അഞ്ചാമത്തെ
> കലശം ഒഴിച്ചപ്പോഴുണ്ടായ ഇരുട്ടിന് സമാനമായിരുന്നു
> (റെവ 16:10, 11).

ഇനി നമുക്ക് ആദ്യത്തെ നാല് "ബാധകൾ" നോക്കാം. സാധാരണ പോലെ, ആപത്തിന്മേൽ ആപത്ത് കുമിഞ്ഞു കൂടി എന്നതായിരുന്നു മൊത്തത്തിലുള്ള

പ്രതീതി, നാം വേദഭാഗത്തുകൂടെ കടന്നുപോകുമ്പോൾ വിശദാംശങ്ങൾ പരാമർശിക്കും.

**ഒന്നാമത്തെ കലശം ഭൂമിയിൽ ഒഴിച്ചു (വാ. 1, 2)**

"ഒരു മഹാ ശബ്ദം ദൈവാലയത്തിൽനിന്നു കേട്ടു" (വാ. 1). ദൈവാലയത്തിൽ കർത്താവ് മാത്രമായിരുന്നതുകൊണ്ട് (15:8), സംസാരിച്ചത് അവനായിരുന്നു. അവൻ ഏഴ് ദൂതന്മാരോട് കൽപിച്ചു, "നിങ്ങൾ പോയി ക്രോധകലശം ഏഴും ഭൂമിയിൽ ഒഴിച്ചുകളവിൻ" (വാ. 1) "ഒന്നാമത്തവൻ പോയി തന്റെ കലശം ഭൂമിയിൽ ഒഴിച്ചു. അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്ക്കരിക്കുന്നവരുമായ മനുഷ്യർക്ക് വല്ലാത്ത ദുർവ്രണം ഉണ്ടായി" (വാ. 2). (ചിത്രീകരണം, "റ്റി" നോക്കുക.)

മിസ്രയിമിലെ ബാധയിൽ പരുവിന് ഉപയോഗിച്ച അതേ വാക്ക് തന്നെയാണ് ഇവിടെ "വ്രണം" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്കും.[22] ഒരു പരു വന്നുകഴിഞ്ഞാലുണ്ടാകുന്ന നീറ്റലും വേദനയും അസ്വസ്ഥതയും നമ്മിൽ പലർക്കും അറിയാവുന്നതാണ്. അത്തരം പരു ദേഹം മുഴുവൻ വ്യാപിച്ചാലുണ്ടാകുവാനിടയുള്ള കുഴപ്പവും നമുക്ക് ഊഹിക്കാവുന്നതാണ്! എങ്ങനെയായാലും, "വ്രണം" എന്നു തർജിമ ചെയ്തിരിക്കുന്ന വാക്കിന്റെ അർത്ഥം, വിവിധ തരത്തിലുള്ള ത്വക്ക് രോഗങ്ങളായ, ത്വക്ക് അൾസർ, കാൻസർ കുഷ്ഠം എന്നിവ ആയിരിക്കുവാൻ സാധ്യതയുണ്ട്.

കലശങ്ങളെ അക്ഷരികമായി എടുക്കരുത് എന്ന് മനസിലാക്കുക. മനുഷ്യർ തങ്ങളുടെ പാപഫലമായി അവരിൽ വരുത്തുന്ന വേദനയും ദുഃഖവും *ആലങ്കാരികമായി* പ്രകടിപ്പിക്കുന്നതാണ് അത്. അതിൽ ശാരീരിക രോഗവും, അതിലധികവും ഉൾപ്പെട്ടിരിക്കാം.

ഈ ജുഗുപ്സാവഹവും അപകീർത്തിപരവുമായ വ്രണം ഉണ്ടായവർ, "മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്ക്കരിച്ചവരും" "ആയിരുന്നു" – മറ്റൊരു വാക്കിൽ പറഞ്ഞാൽ, ചക്രവർത്തിയാരാധനക്കായും അതിനോടനുബന്ധമായുള്ളതിൽ എല്ലാം പങ്കെടുത്തവരായിരുന്നു അവർ. ഇന്ന് ആ വിവരണം ബാധിക്കുന്നത്, കർത്താവിന്റെ സന്നിധിയിൽ, മറ്റു ദൈവങ്ങളുടേയും, ആളുകളുടേയും, വസ്തുക്കളുടേയും പുറകെ പോകുന്നവരെയാണ് (പുറപ്പാട് 20:3).

**രണ്ടാമത്തെ കലശം ഭൂമിയിൽ ഒഴിച്ചു (വാ. 3)**

"രണ്ടാമത്തവൻ തന്റെ കലശം സമുദ്രത്തിൽ ഒഴിച്ചു. അപ്പോൾ അത് മരിച്ചവന്റെ രക്തം പോലെ ആയിത്തീർന്നു. സമുദ്രത്തിലെ ജീവജന്തു ഒക്കെയും ചത്തുപോയി" (വാ. 3).

രണ്ടാമത്തെ കാഹളം ഊതിയപ്പോൾ, സമുദ്രത്തിൽ *മൂന്നിലൊന്ന്* രക്തമായി തീർന്നിരുന്നു, എന്നാൽ ഇപ്പോൾ സമുദ്രത്തിലെ വെള്ളം *എല്ലാം* മരിച്ചവന്റെ "രക്തം പോലെയായിത്തീർന്നു"; ഉറച്ചു കട്ടിയായി. എന്റെ മനസിൽ, കടൽത്തീരത്തണഞ്ഞ മൃതശരീരങ്ങളുടേയും ചത്തടിഞ്ഞ ജന്തുക്കളുടേയും ചത്ത മൽസ്യങ്ങളുടേയും രക്തം കടൽത്തീരത്തു കട്ട പിടിച്ചു കിടക്കുന്നതാണ് ഓർമ്മ വരുന്നത്.

ആ രംഗം അക്ഷരികമായി എടുക്കരുത് എന്ന് വീണ്ടും ഓർപ്പിക്കട്ടെ. സമുദ്രത്തിലെ വെള്ളം എല്ലാം രക്തമായി തീരുന്ന ഒരവസരം ഒരിക്കലും ഉണ്ടാ

കയില്ല.  അത് ആലങ്കാരികമാണ്. അക്കാലത്ത് മനുഷ്യർ വ്യാപാരത്തിനും മൽസ്യാഹാരത്തിനും സമുദ്രത്തെയാണ് ആശ്രയിച്ചിരുന്നത്. പാപത്തിന്റെ ഭയങ്കരമായ ഫലത്തെയാണ് രംഗം ഊന്നൽ നൽകുന്നത്: പാപം ജീവിതത്തെ അസ്വസ്ഥമാക്കുന്നു. പാപം തൊടുന്നതിനെയെല്ലാം വഷളാക്കും. തുറന്നു പറഞ്ഞാൽ, പാപം അപകീർത്തിപ്പെടുത്തും! ദേശത്തെ നിയമത്തെയോ ദൈവ നിയമത്തെയോ മാനിക്കാത്ത ഒരു ടൗണിലേക്ക് ഒരു ഉപദേഷ്ടാവിനെ പ്രവർത്തിക്കുവാൻ ക്ഷണിച്ചു. അദ്ദേഹം അവിടെ ചെന്ന് ചുറ്റും നോക്കിയിട്ട് പറഞ്ഞു, "ഈ സ്ഥലത്ത് പാപത്തിന്റെ ഗന്ധമുണ്ട്" പാപത്തിന് പ്രത്യേകമായ ഗന്ധമൊന്നുമില്ല, പക്ഷെ ദൈവഭക്തന്റെ മൂക്കിലും ദൈവമൂക്കിലും അതിന്റെ ഗന്ധമെത്തും.

**മൂന്നാമത്തെ കലശം ഭൂമിയിലെ വെള്ളത്തിൽ ഒഴിച്ചു (വാ. 4-7)**

മൂന്നാമത്തെ കലശം രണ്ടാമത്തേതുമായി ബന്ധപ്പെട്ടിരിക്കുന്നു: "മൂന്നാമത്തെ ദൂതൻ തന്റെ കലശം നദികളിലും നീരുറവകളിലും ഒഴിച്ചു, അവ രക്തമായി തീർന്നു" (വാ. 4).[24] (ഈ പാഠത്തിന്റെ അവസാനം കാണുന്ന "രണ്ടാമത്തെയും മൂന്നാമത്തെയും കലശം" എന്ന ചിത്രീകരണം നോക്കുക.)

നൈൽ നദി രക്തമായി തീർന്നപ്പോൾ, മിസ്രയീമ്യർ വെള്ളത്തിനായി കിണർ കുഴിക്കുവാൻ തുടങ്ങി (പുറപ്പാട് 7:24), എന്നാൽ വെളിപ്പാട് 16 ലെ മൂന്നാമത്തെ ബാധയിൽ, വെള്ളത്തിന്റെ ഉറവിടമായ - അരുവികളും - രക്തമായി തീർന്നു. വെള്ളം ഒന്നും കണ്ടെത്തിയില്ല. ലിയോൺ മോറിസ് പറഞ്ഞു, "വെള്ളമില്ലാതെ മനുഷ്യവർഗത്തിന്റെ ഭാവി ഇരുളടഞ്ഞിരുന്നു."[25] ജെയിംസ് സ്ട്രാസ് നിരീക്ഷിച്ചു, "മനുഷ്യരുടെ കഷ്ടതകളിൽ ഏറ്റവും വേദനാജനകമായ ഒന്നാണ് വെള്ളമില്ലാതിരിക്കുക എന്നത്."[26]

അതിനർത്ഥം ഒരു ദിവസം ലോകത്തിലെ വെള്ളമെല്ലാം രക്തമായി തീരും എന്നാണോ? അക്ഷരികമായി ചിന്തിക്കുന്നവർ അങ്ങനെയാണ് കരുതുന്നത്. ഒരു എഴുത്തുകാരൻ പറഞ്ഞു, "ഒരു നാൾ കൊ-കൊ-കോളക്കായി നെട്ടോട്ടമായിരിക്കും."[27] അപ്പോഴും ഉറപ്പിച്ചു പറയാവുന്ന ഉത്തരം "*അല്ല* എന്നായിരിക്കും, അത് അക്ഷരികമായി എടുക്കരുത്. അവ എല്ലാം ആലങ്കാരികമാണ്!" രണ്ടാമത്തെയും മൂന്നാമത്തെയും കലശവുമായുള്ള ബന്ധത്തിൽ രക്തം ഉപയോഗിച്ചിരിക്കുന്നത് ആത്മാവിന് ഒരു പോയിന്റ് നൽകുവാനാണ് - ആ പോയിന്റെ വാക്യം 6 ലും 7 ലും ഊന്നി പറഞ്ഞിരിക്കുന്നു.[28] "അപ്പോൾ ജലാധിപതിയായ ദൂതൻ ഇവ്വണ്ണം പറയുന്നതു ഞാൻ കേട്ടു. 'ഇരിക്കുന്നവനും ഇരുന്നവനുമായി[29] പരിശുദ്ധനായുള്ളോവേ,[30] നീ ഇങ്ങനെ ന്യായം വിധിച്ചതുകൊണ്ട് നീതിമാൻ ആകുന്നു. വിശുദ്ധന്മാരുടേയും പ്രവാചകന്മാരുടേയും രക്തം അവർ ചിന്നിച്ചതുകൊണ്ട്, നീ അവർക്ക് രക്തം കുടിപ്പാൻ കൊടുത്തു. അതിന്നു അവർ യോഗ്യർ തന്നെ.' "

"ജലാധിപതി" എന്ന പ്രയോഗം ബൈബിളിൽ മറ്റൊരിടത്തുമില്ല. അത് ഭൂമിയിലെ വെള്ളത്തിന്മേൽ അധികാരമുള്ള ദൂതനോ അല്ലെങ്കിൽ, ഭൂമിയിലെ വെള്ളത്തിന്മേൽ ക്രോധകലശം ഒഴിച്ച ദൂതനോ ആകാം. ദൈവം തന്റെ ക്രോധം ഒഴിക്കുവാൻ അവകാശമുള്ള നീതിമാനാണെന്ന് പ്രഖ്യാപിക്കുകയായിരുന്നു ആ ദൂതന്റെ ലക്ഷ്യം.[31] എൻഐവിയിൽ "ഈ ന്യായവിധികളിൽ നീ നീതിമാൻ" എന്നാണ്.

ദൈവനീതി അവന്റെ പ്രവൃത്തികളിലുണ്ടെന്ന് ഈ വാക്കുകളിൽ ഊന്നി

പറയുന്നു: "അവർ വിശുദ്ധന്മാരുടേയും പ്രവാചകന്മാരുടേയും[32] രക്തം ചിന്നിച്ചതുകൊണ്ട് നീ അവർക്ക് രക്തം കുടിപ്പാൻ കൊടുത്തു; അതിന്നു അവർ യോഗ്യർ തന്നെ."[33]

തന്റെ സ്വർണ്ണത്തോടുള്ള കമ്പം നിമിത്തം സൗത്ത് അമേരിക്കയിലെ ഇൻകാ എമ്പൈർ ഫ്രാൻസിസ്കോ പിസാരോ എന്ന സ്പാനിഷ് പര്യവേക്ഷകന്റെ സംഭവമാണ് എനിക്ക് ഓർമ്മ വരുന്നത്. കെട്ടുകഥ പറയുന്നത്, പിസാരോ കൊല ചെയ്യപ്പെട്ടപ്പോൾ, ശത്രുക്കൾ അവന്റെ വായിൽ സ്വർണ്ണം കുത്തിയിറക്കി പറഞ്ഞു, "നീ സ്വർണ്ണമല്ലേ അന്വേഷിച്ചത്; നിനക്ക് സ്വർണ്ണം കിട്ടും!"[34]

ഫലത്തിൽ, ക്രിസ്ത്യാനികളുടെ രക്തം ചിന്നിയവരോട്, ദൈവം പറയുന്നു, "നിങ്ങൾ രക്തം ആഗ്രഹിച്ചു; നിങ്ങൾക്ക് രക്തം കിട്ടും - രക്തത്താൽ വായ് നിറക്കുവാനും - വയറു നിറക്കുവാനും, നിങ്ങളുടെ മൂക്ക് നിറയെ രക്തം ലഭിക്കും, മതിയാവോളം രക്തം നൽകി തൃപ്തിപ്പെടുത്തുകയും ശ്വാസം മുട്ടിക്കുകയും ചെയ്യും!" ഏദോമിന്ന് അവൻ കൊടുത്ത സന്ദേശം തന്നെയായിരുന്നു അവൻ റോമിന്നും നൽകിയത്: "നീ ചെയ്തിരിക്കുന്നതുപോലെ നിന്നോടും ചെയ്യും; നിന്റെ പ്രവൃത്തി നിന്റെ തലമേൽ തന്നെ മടങ്ങി വരും" (ഓബദ്യാവ് 15).

വാക്യം 7-ൽ രണ്ട് വലിയ സത്യങ്ങൾ പ്രതിഫലിപ്പിക്കുന്നു. ദൈവക്രോധത്തിന്റെ പ്രയോക്താക്കൾക്ക് കുഴപ്പങ്ങൾ അവർ തന്നെ വരുത്തിയതാണ്.

ഒരാൾക്ക് ഹൈസ്ക്കൂളിൽ പഠിക്കുന്ന തന്റെ മകൻ മദ്യത്തിനും മയക്കുമരുന്നിനും ഇരയായതു കണ്ടപ്പോൾ, അവനെ ഗുണദോഷിക്കുകയും അതിന്റെ ദൂഷ്യവശങ്ങളെ കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. അങ്ങനെ ജീവിതം നശിപ്പിച്ച പലരുടേയും ജീവിതങ്ങളെ ആ അപ്പൻ മകനെ ബോധ്യപ്പെടുത്തി നോക്കി. അപ്പന്റെ "പഴഞ്ചൻ-ചിന്താഗതിയെ" മകൻ പുഛിച്ചു തള്ളിക്കളഞ്ഞു. "നീ വീണ്ടും മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും പോയാൽ, മകൻ എന്ന നിലയിൽ നിനക്കുള്ള സകല അവകാശങ്ങളും ഞാൻ എടുത്തുകളയും" എന്ന മുന്നറിയിപ്പ് നൽകി. എന്നിട്ടും മകൻ അതൊന്നും ചെവിക്കൊണ്ടില്ല - അപ്പൻ പറഞ്ഞതുപോലെ തന്നെ ചെയ്തു. പക്ഷെ മകൻ അവന്റെ വഴിയിൽ തന്നെ സഞ്ചരിച്ചു. ആ അപ്പൻ തന്റെ മകനെ നേർവഴിക്കു കൊണ്ടുവരുവാൻ ചെയ്യാവുന്നതെല്ലാം ചെയ്തു. ബുദ്ധിയുപദേശിച്ചുകൊടുത്തു, കേണപേക്ഷിച്ചു, ശാസിച്ചു, ഭീഷണിപ്പെടുത്തി നോക്കി. ഒരു ഫലവുമുണ്ടായില്ല. പിന്നെ മദ്യത്തിനും മയക്കുമരുന്നിനും പണമില്ലാതെ വന്നപ്പോൾ അവൻ മോഷ്ടിക്കുവാൻ തുടങ്ങി. അവസാനം, ഒരു ശനിയാഴ്ച്ച രാത്രി, ഒരു മദ്യവിൽപനശാലയിൽ, കവർച്ചാശ്രമം നടത്തുവാനുള്ള ശ്രമത്തിനിടയിൽ അവനെ വെടി വെച്ചു കൊന്നു.[35]

ആ യുവാവിന്റെ മരണത്തിന് ഉത്തരവാദി ആരായിരുന്നു? സമൂഹമായിരുന്നോ? അവന്റെ കുടുംബമായിരുന്നോ? അപ്പനായിരുന്നോ? ആ യുവാവിന്റെ വിധി അവൻ തന്നെ വരുത്തിയതാണെന്ന് നമ്മിൽ മിക്ക പേരും സമ്മതിക്കും. ആ യുവാവ് അപ്പന്റെ എല്ലാ പരിശ്രമങ്ങളെയും നിരുൽസാഹപ്പെടുത്തുന്ന ശാഠ്യ മനോഭാവം ഉള്ളവനായിരുന്നു.

അതുപോലെ, മനുഷ്യർ തന്നോട് അടുക്കുവാൻ ദൈവത്തിന്റെ ഭാഗത്തുനിന്ന് എല്ലാം ചെയ്തു. ആളുകൾ കർത്താവിന്റെ സ്നേഹപ്രകടനങ്ങളും, മുന്നറിയിപ്പുകളും അവഗണിച്ചാൽ, അവർ തങ്ങൾക്ക് തന്നെ ന്യായവിധി നടത്തു

കയായിരിക്കും. ദൈവം പണ്ട് യിസ്രായേല്യരോട് പറഞ്ഞു,

> എന്നാൽ നീ നിന്റെ ദൈവമായ യഹോവയുടെ വാക്ക് കേട്ട് ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ ചട്ടങ്ങളും കൽപനകളും പ്രമാണിച്ചു നടക്കാഞ്ഞാൽ ഈ ശാപം ഒക്കെയും നിനക്ക് വന്നു ഭവിക്കും ...
> എന്നെ ഉപേക്ഷിച്ചു നീ ചെയ്ത ദുഷ്പ്രവൃത്തികൾ നിമിത്തം നീ വേഗത്തിൽ മുടിഞ്ഞു പോകുംവരെ നിന്റെ കൈ തൊടുന്ന എല്ലാറ്റിലും യഹോവ ശാപവും, പരിഭ്രമവും പ്രാക്കും അയക്കും ... (ആവർത്തനപുസ്തകം 28:15, 20).

രണ്ടാമത്തെ സത്യം എന്തെന്നാൽ, ദൈവത്തിന്റെ ഏർപ്പാടിൽ, ശിക്ഷ പലപ്പോഴും “കുറ്റത്തിനു തക്കതായിരിക്കും.” ആ വസ്തുതക്ക് ബൈബിളിൽ നിറയെ ഉദാഹരണങ്ങളുണ്ട്:

> യെഹൂദരുടെ ആൺകുട്ടികളെ മുക്കിക്കൊല്ലുവാൻ ഫറവോൻ പദ്ധതിയിട്ടതിനാൽ ഫറവോന്റെ സൈന്യം ചെങ്കടലിൽ മുങ്ങിപ്പോയി. ഹാമാൻ മോർദ്ദേഖായിക്കു വേണ്ടി കഴുമരം ഉണ്ടാക്കിയ ഹാമാനെ തന്നെ അതിൽ തൂക്കിക്കൊന്നു. മോർദ്ദേഖായിയേയും യെഹൂദന്മാരെയും നാടുകടത്തുവാൻ തീരുമാനിച്ച ഹാമാന്റെ കുടുംബം നാടു കടത്തപ്പെട്ടു (എസ് 7:10; 9:10). ദൈവത്തെ അനുസരിക്കുവാനും അമാലേക്യരെ കൊല്ലുവാനും ശൗൽ രാജാവ് മടിച്ചതുകൊണ്ട് അവൻ അമാലേക്യരാൽ കൊല്ലപ്പെട്ടു (2 ശമുവേൽ 1:1–16).[36]

ദൂതൻ സംസാരിച്ചു തീർന്നപ്പോൾ, യോഹന്നാൻ മറ്റൊരു ശബ്ദം – അറിയപ്പെടാത്ത ഉറവിടത്തിൽനിന്നു കേട്ടു: *യാഗപീഠം* സംസാരിച്ചു: “അതേ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ” (വാ. 7). ഇത് മുൻപ് കണ്ട സംയുക്ത യാഗപീഠമാണ്: രക്തസാക്ഷികളുടെ രക്തം ഉണ്ടായിരുന്ന യാഗപീഠം (6:9), വിശുദ്ധന്മാരുടെ പ്രാർത്ഥനയുമായി ബന്ധപ്പെട്ട യാഗപീഠം (8:3).[37] മുൻപ്, യാഗപീഠത്തിന്റെ കൊമ്പുകളിൽനിന്ന് ശബ്ദം കേട്ടിരുന്നു (9:13); ഇപ്പോൾ യാഗപീഠത്തിൽനിന്നു തന്നെയാണ് ശബ്ദം കേട്ടത്. സാധാരണ യാഗപീഠം സംസാരിക്കുകയില്ല – എന്നാൽ ഒരു ദർശനത്തിൽ എന്തും സംഭവിക്കാം. (യാഗപീഠത്തിന്റെ ഒരു വശത്തുനിന്ന് വായ് പിളർന്നു സംസാരിക്കുന്നത് ഊഹിക്കുക.) ദൂതന്റെ പ്രസ്താവനക്ക് പ്രാധാന്യം കൽപ്പിക്കുകയായിരുന്നു ഉദ്ദേശം: തന്റെ ക്രോധം ഒഴിക്കുവാൻ ദൈവത്തിന് അവകാശമുണ്ട്!

വെളിപ്പാട് ആദ്യം വായിക്കുന്നവർക്ക് ദൈവം എല്ലാ തെറ്റുകളെയും ശരിയാക്കി തന്റെ ജനത്തെ നീതീകരിക്കുമെന്നറിയുന്നത് പ്രാധാന്യമുള്ള കാര്യമായിരുന്നു. നമുക്കും ഇന്ന് അത് അറിയേണ്ടത് ആവശ്യമാണ്.

> ഇത് മുഴങ്ങി കേൾക്കട്ടെ: ഭൂമിയിൽ നടന്ന എല്ലാ അഭക്തിക്കും, **നീതി നിർവ്വഹിക്കപ്പെടുന്ന കണക്കാക്കൽ ദിവസം വരും**. അനാഥാലയത്തിന്റെ മൂലയിൽ ഇരുന്ന് എന്താണ് പറ്റിയതെന്ന് ആലോചിച്ച്

ഇരിക്കുന്ന ഒറ്റപ്പെട്ടുപോയ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും, മദ്യപന്മാരായ ഭർത്താക്കന്മാരുടെ ക്രൂരസ്വഭാവത്തിനിരയായ കഠിനാദ്ധ്വാനികളായി ജീവിക്കേണ്ടിവന്ന എല്ലാ ഭാര്യമാർക്കും ... ചൂഷണത്തിനും പീഢനത്തിനും ഇരയാക്കപ്പെട്ട് നിന്ദയും പരിഹാസവും ഏറ്റു ലജ്ജിക്കപ്പെട്ട് കഴിയേണ്ടിവന്ന പെൺകുട്ടികൾക്കും; വമ്പൻ സ്രാവുകൾക്കിരയായി തീർന്ന എല്ലാ ദരിദ്രർക്കും; ... [വിവാഹബന്ധത്തിനു പുറത്തു] ജനിക്കേണ്ടി. [വന്നു] അപകീർത്തി സഹിച്ച എല്ലാ കുട്ടികൾക്കും – മറ്റു രീതിയിലാക്കപ്പെട്ടവർക്കും ഒരു ദിവസം വരും! നീതി നിറവേറ്റുന്ന ദിവസം ... ഒരു ദൈവം ഉണ്ടെങ്കിൽ, ഒരു ന്യായവിധി ഉണ്ടാകും, ആ ദിവസം, യാഗപീഠം, അതെ കർത്താവേ എന്ന് ഉറക്കെ നിലവിളിക്കും![38]

## നാലാമത്തെ കലശം സൂര്യനിൽ ഒഴിച്ചു (വാ. 8, 9)

നാലാമത്തെ കലശം കാലിയാക്കുവാനുള്ള സമയമായി. "നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു" (വാ. 8). നാലാമത്തെ കാഹളം ഊതിയപ്പോൾ, സൂര്യനും ആകാശത്തിലുള്ള മൂന്നിലൊന്നും *ഇരുണ്ടു*പോയി (8:12); ഇപ്പോൾ സൂര്യകിരണങ്ങൾ *തീവ്രമായി* തീർന്നു: "തീകൊണ്ട് മനുഷ്യരെ ചുടുവാൻതക്കവണ്ണം അതിന് അധികാരം ലഭിച്ചു.[39] മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി" (16:8, 9).[40] (ഈ പാഠത്തിന്റെ അവസാനം വരുന്ന "നാലാമത്തെ കലശം" എന്ന ചിത്രീകരണം നോക്കുക.) വേദഭാഗം അക്ഷരികമായി പറയുന്നത് "മനുഷ്യർ വലിയ പൊള്ളലേറ്റു വെന്തുപോയി" എന്നാണ്.

ഞാൻ ഇത് എഴുതുമ്പോൾ, തെക്കെ അമേരിക്കയിൽ മിക്ക ഭാഗവും മാസങ്ങളായി അത്യുഷ്ണത്തിലായിരുന്നു. തീ പടരുകയുണ്ടായി; പലരും മരിച്ചുപോയി; ആയിരക്കണക്കിന് ആളുകൾ ദുരിതത്തിലായി.[41] വാക്യം 8 ലും 9 ലും പറയുന്ന പൊള്ളിക്കൽ നമുക്ക് അനുഭവപ്പെട്ട ഉഷ്ണക്കാറ്റിനേക്കാൾ കഠിനമായിരുന്നു, എന്നാൽ ആ ബാധയിൽ അടങ്ങിയ *കുറച്ച്* ആശയം നമുക്ക് മനസിലാക്കാം. ഒരിക്കൽ കൂടെ ഞാൻ പറയട്ടെ, ഇത് ഭാവിയിൽ നടക്കേണ്ടതിനുള്ള അക്ഷരിക സംഭവമല്ല. മറിച്ച്, പാപത്തിന്റെ ഭയങ്കരമായ അനന്തരഫലത്തെയാണ് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയിരിക്കുന്നത്. അനുസരണക്കേടിന്റെ ലജ്ജയും പൊള്ളലിന്റെ വേദനയും അനുഭവപ്പെടാത്തവർ ആരുണ്ട്?

ആദ്യ നാല് കലശങ്ങളെ ഒന്നോടിച്ചു നോക്കിയാൽ, ആ ഭയങ്കര പ്രവൃത്തികൾ അനുഷ്ഠിച്ചപ്പോൾ ആളുകൾ കൈ കുടഞ്ഞു അവർ കർത്താവിന്ന് തങ്ങളെ സമർപ്പിച്ച് നിൽക്കുന്നതാകാം നാം പ്രതീക്ഷിക്കുന്നത് – എന്നാൽ വാക്യം 9–ൽ നമുക്ക് ഈ വേദനാജനകമായ പ്രതികരണം കാണാം: "ഈ ബാധകളുടെ മേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല" (വാ. 9). അദ്ധ്യായം 15 ലും 16 ലും ഉപയോഗിച്ച പുറപ്പാട് ഭാവന മനസിൽ വെച്ചു, ആദ്യ ബാധകളോട് ഫറവോന്റെ പ്രതികരണം നോക്കാം. വീണ്ടും, വീണ്ടും, ഫറവോൻ തന്റെ ഹൃദയത്തെ കഠിനപ്പെടുത്തി എന്നാണ് പറഞ്ഞിരിക്കുന്നത് (പുറപ്പാട് 8:15, 32; കൂടാതെ 7:13; 8:19 നോക്കുക).[42] ക്രോധ കലശം ആരിൽ ഒഴിച്ചുവോ, ആ കുഴപ്പങ്ങൾക്ക് അവർ തന്നെയായിരുന്നു ഉത്തരവാദികൾ, എന്നിട്ടും അവർ ദൈവത്തെ ദുഷിക്കയായിരുന്നു. ആ പ്രതികരണം അതിശയിപ്പിക്കുന്നതാണ് – അത്തരം പരിഹാസ്യാനുകരണം ഓരോ ദിവസവും ന

മുക്ക് കാണാം.[43]

നാം കാഹളങ്ങളെ കുറിച്ച് പഠിച്ചപ്പോൾ, ആദ്യത്തെ നാലെണ്ണം പ്രകൃതി ദുരന്തങ്ങളായി നാം തിരിച്ചറിഞ്ഞു. അതേ പ്രായോഗികത നമുക്ക് ആദ്യത്തെ നാല് കലശങ്ങളിലും വരുത്താം – പ്രത്യേകിച്ച് പാപത്തിന്റെ ഫലമായുണ്ടായ വിപത്തുകൾ.[44] അത് വാസ്തവമാണെന്ന് കരുതി (ചുരുങ്ങിയത് പൊതുവിൽ) ഒരു പ്രത്യേക വിപത്ത് എടുത്ത്, "ഇത് ഒരു കാഹളമാണോ (മുന്നറിയിപ്പ്) അല്ലെങ്കിൽ ഒരു കലശമാണോ (ശിക്ഷ)?" എന്നു നിങ്ങൾ എന്നോട് ചോദിക്കുകയാണെങ്കിൽ, എന്റെ ഉത്തരം "എനിക്ക് അറിയില്ല അതുപോലെ മറ്റാർക്കും അറിയില്ല" എന്നായിരിക്കും. വില്യം ഹെൻഡ്രിക്സൺ ഈ നിരീക്ഷണം നടത്തി: "ഒരു സംഭവം ഒരാൾക്ക് ഒരു വിപത്ത് ന്യായവിധിയുടെ കാഹളവും മറ്റൊരാൾക്ക് ദൈവത്തിന്റെ ക്രോധകലശവുമായേക്കാം. അതുകൊണ്ട് ഹെരോദ് അഗ്രിപ്പാവ് I ന് അനുഭവപ്പെട്ട രോഗം അയാൾക്ക് നരകവും മറ്റുള്ളവർക്ക് മുന്നറിയിപ്പുമാകാം."[45]

ഓരോ അനിഷ്ടസംഭവവും മുന്നറിയിപ്പോ അല്ലെങ്കിൽ ശിക്ഷയോ ആയി തരം തിരിക്കുമ്പോൾ, ആദ്യ നാല് കലശങ്ങളുടെ പോയിന്റ് നാം കാണാതെ പോകും. സദൃശവാക്യങ്ങൾ 13:15 തുടങ്ങിയ വേദഭാഗങ്ങളിലെ സത്യങ്ങൾ ദൈവം ഉറപ്പിക്കുകയാണ് അത്തരം സംഭവങ്ങളിൽ കൂടെ: "... ദ്രോഹിയുടെ വഴിയോ ദുർഘടം" (കെജെവി). പ്രത്യേകമായി, അവൻ അവയെല്ലാം ഉപയോഗിക്കുന്നത്, ദൈവം പാപത്തെ ഓർക്കുന്ന ഒരു സമയമുണ്ട് എന്ന സത്യം ബോധ്യപ്പെടുത്തുവാനാണ്!

## ഉപസംഹാരം

ഒരാളുടെ പാപത്തെ ദൈവം ഓർക്കുക എന്നത് ആർക്കായാലും ഭയങ്കരമാണെന്ന് ആദ്യത്തെ നാല് ക്രോധകലശങ്ങളെ കുറിച്ചുള്ള പഠനം നമ്മെ ബോധ്യപ്പെടുത്തും. "എന്നാൽ ഞാൻ പാപം ചെയ്തു!" എന്നു നിങ്ങൾ ഉറക്കെ പറഞ്ഞേക്കാം. "എനിക്ക് എന്തു പ്രത്യാശയാണുള്ളത്?" വെളിപ്പാട് 16:9 എബ്രായർ 8:10–12 ചേർത്ത് വായിക്കേണ്ടതാണ്:

> ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു ... എന്ന് യഹോവയുടെ അരുളപ്പാട്, ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനമായും ഇരിക്കും. ... ഞാൻ അവരുടെ അകൃത്യങ്ങളെ കുറിച്ചു കരുണയുള്ളവൻ ആകും, അവരുടെ *പാപങ്ങളെ ഇനി ഓർക്കയുമില്ല.* (എംഫസിസ് മൈൻ.)

നിങ്ങളുടെ പാപങ്ങൾ ന്യായവിധിനാളിൽ ദൈവം ഓർക്കുകയില്ല എന്ന് നിങ്ങൾക്ക് എങ്ങനെ ഉറപ്പിക്കാം? ആദ്യം നിങ്ങൾ ചെയ്ത പാപത്തെ ഓർത്ത് (യെഹെസ്ക്കേൽ 36:31) അതിൽനിന്നു മാനസാന്തരപ്പെടുക (ലൂക്കൊസ് 13:3). അടുത്തതായി, ദൈവം നിങ്ങൾക്ക് വേണ്ടി ചെയ്തത് ഓർക്കുക (2 തിമൊഥെയൊസ് 2:8), വിശ്വാസത്താലും സ്നേഹത്താലും നിങ്ങൾ അവങ്കലേക്ക് തിരിയുക (യോഹന്നാൻ 3:16). പിന്നെ ബൈബിൾ പഠിപ്പിക്കുന്നത് ഓർക്കുകയും (യൂദാ 17), പിന്നെ സ്നാനത്തിൽ അവനെ അനുസരിക്കു

കയും ചെയ്യുക (പ്രവൃത്തികൾ 2:38). അവസാനം, വിശ്വസ്തമായ ക്രിസ്തീയ ജീവിതം നയിച്ച്, കർത്താവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്നാൽ എന്താണെന്ന് മനസിലാക്കി പ്രവർത്തിക്കുകയും വേണം (വെളിപ്പാട് 2:5), അങ്ങനെ നിങ്ങൾ അവന്റെ "ഓർമ്മ പുസ്തകത്തിൽ" പേരുള്ളവരായി അവനെ ഭയന്ന് അവന്റെ നാമത്തെ ഉയർത്തി ജീവിക്കുക (മലാഖി 3:16)!

"ദൈവത്തിൽനിന്നു ഓടി അകലാതിരിക്കേണ്ടതിന്, അവന്റെ അടുക്കലേക്ക് ഓടുകയാണ് ഏക മാർഗം" എന്നു പറയപ്പെട്ടിട്ടുണ്ട്;[47] ദൈവകോപത്തിൽനിന്നും ഓടി ഒളിക്കുവാനുള്ള ഏക വഴി ദൈവ കരുണക്കായി ഓടി അടുക്കുക മാത്രമാണ്. ദൈവം നിങ്ങളെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു, പക്ഷെ നിങ്ങൾ വിശ്വാസത്താലും അനുസരണത്താലും അവന്റെ അടുക്കൽ വരണം. നിങ്ങൾ ഇതുവരെയും അത് ചെയ്തിട്ടില്ലെങ്കിൽ, ഇന്നു തന്നെ ചെയ്യുക!

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

ഈ പാഠത്തിന് ഇതാ വേറെ ചില തലവാചകങ്ങൾ: "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്" (എബ്രായർ 12:29); "ദൈവം പറഞ്ഞാൽ, 'അതു മതി!' "; "ന്യായവിധിക്കായി ദൈവം പച്ചക്കൊടി കാണിക്കുമ്പോൾ"; "ഒരു മടങ്ങി വരൽ ഇല്ലാത്ത സ്ഥാനം." ബാറ്റ്സെൽ ബാരെറ്റ് ബാക്സ്റ്റർ ഈ പാഠത്തെ വിളിച്ചത്, "കൊടുങ്കാറ്റുള്ള ദൈവത്തിന്റെ വടക്കുവശം."

---

കുറിപ്പുകൾ

[1]വില്യം ബാർക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ,* വാല്യം, 2. റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 126. [2]കൂടാതെ 18:5 ഉം നോക്കുക. പഴയനിയമത്തിൽ അതേ വാക്കുകൾക്ക്, യെഹെസ്ക്കേൽ 21:25 ഉം ഹോശേയ 9:9 ഉം. [3]ഏഴാമത്തെ മുദ്രയാണ് ഏഴ് കാഹളങ്ങളെ പുറപ്പെടുവിച്ചത് എന്ന് മുൻപ് പറയുകയുണ്ടായി, എന്നാൽ ഏഴാമത്തെ കാഹളം തന്നെയാണ് ഏഴ് കലശങ്ങൾക്കും വേദി ഒരുക്കിയത്. *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ, "ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ" എന്ന പാഠത്തിലെ, മുദ്രകൾ, കാഹളങ്ങൾ, കലശങ്ങൾ എന്നിവയെ കുറിച്ചുള്ള ചർച്ചകൾ നോക്കുക. [4]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "റോം എന്തുകൊണ്ട് വീണു?" എന്ന അനുബന്ധലേഖനം നോക്കുക. [5]ആറാമത്തെയും ഏഴാമത്തെയും കലശങ്ങൾക്കിടയിൽ ചില എഴുത്തുകാർ തടസമോ ഇടവേളയോ കാണുന്നില്ല. അവർ പറയുന്നത്, 16:13–16 ലെ രംഗം ആറാമത്തെ കലശത്തിന്റെ മുഖ്യഭാഗമാണ് എന്നത്രെ. [6]നിങ്ങൾക്ക് വേണമെങ്കിൽ, *വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ, "ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിക്കുന്നതിന്റെ മൗഢ്യം," "നരകത്തിന്റെ മുൻനിഴൽ," "പാപത്തിന്റെ സ്വയ-നശീകരണ സ്വഭാവം," "ഉണരു-വാനുള്ള ദൈവത്തിന്റെ വിളി" എന്നീ പാഠങ്ങൾ അവലോകനം നടത്താം. [7]ടിവി പരിപാടികൾ ആവർത്തിച്ച്, പ്രത്യേകിച്ച് വേനൽക്കാലത്ത് കാണിക്കുന്നതിനെയാണ് "റീ-റൺ" എന്നു പറയുന്നത്. ടെലിവിഷനിൽ സ്പോർട്ട്സ് സംഭവങ്ങൾ കണ്ട് പരിചയമുള്ളവർക്ക് "റീപ്ലേ" എന്ന് ഉപയോഗിക്കാം. [8]കഴിഞ്ഞ പാഠത്തിലെ മൂന്നു പരമ്പരകളിലെ *പുരോഗതിയുടെ* കുറിപ്പുകൾ നോക്കുക. [9]ഞാൻ "*പ്രാഥമികമായ* ഉദ്ദേശം" എന്ന വാക്ക് ഉപയോഗിക്കുവാൻ കാരണം, "അവർ മാനസാന്തരപ്പെട്ട*ില്ല*" (16:9, 11) എന്നത് സൂചിപ്പിക്കുന്നത് അവർക്ക്

മാനസാന്തരപ്പെടുവാൻ കഴിയുമായിരുന്നു എന്നാണ്. കലശങ്ങൾ താൽക്കാലികമായ ന്യായവിധിയെയാണ് (റോമാ സാമ്രാജ്യത്തെ) ഉദ്ദേശിക്കുന്നതെങ്കിൽ, നേരിട്ട് അത് ബാധിക്കാതിരുന്നവർ റോമിന്റെ പതനം കണ്ട് മാനസാന്തരപ്പെടുവാൻ സാധ്യതയുണ്ടായിരുന്നു. എങ്ങനെയായാലും, പ്രാഥമികമായ ഉദ്ദേശം, പശ്ചാത്തപിക്കാത്തവരെ *ശിക്ഷിക്കുക* എന്നതായിരുന്നു. [10]ഡബ്ലിയു. ഇ. വൈൻ, മെറിൽ എഫ്. അങ്കർ ആന്റ് വില്യം വൈറ്റ് ജൂനിയർ., *വൈൻസ് കംപ്ലീറ്റ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ഓൾഡ് ആന്റ് ന്യൂടെസ്റ്റമെന്റ് വേർഡ്സ്* (നാഷിലേ: തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1985), 688.

[11]ഇബിഡ്., 26. സാധാരണ "കോപത്തിന്" ഉപയോഗിക്കുന്ന *ഓർഗേ*യും, *തുമോസും* തമ്മിൽ വൈൻ ഒരു വ്യത്യാസം കാണുന്നുണ്ട്. *ഓർഗേ* അർത്ഥമാക്കുന്നത്, "പ്രതികാരം വീട്ടുവാനുള്ള മാനസികമായ അവസ്ഥ സ്ഥിരമായി കൊണ്ടു നടക്കുന്നതിനെയാണ്." എന്നാൽ ദൈവക്രോധം (*തൂമോസ്*) പ്രതികാര ലക്ഷ്യത്തോടെയുള്ളതല്ല. [12]കെജെവിയിൽ, "നിറഞ്ഞിരിക്കുന്നു" എന്നത് ആശയം കൃത്യമായി വ്യക്തമാക്കുന്നില്ല. എൻകെജെവിയിൽ "പൂർണ്ണമായി" എന്നാണ്. [13]*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ, & സൺസ്, 1971), 401. [14]ജെയിംസ് എം. എഫേർഡ്, *റെവലേഷൻ ഫോർ ടുഡേ* (നാഷിലേ: അബിങ്ടൺ പ്രസ്, 1989), 97. [15]അതായത്, വെളിപ്പാട് 16 ന്യായവിധി നാളിനെ കുറിച്ചു ചർച്ച ചെയ്യുന്നില്ല. [16]ദൈവം വ്യക്തികളെ കുറിച്ചും ദേശങ്ങളെ കുറിച്ചും "ഞാൻ പറഞ്ഞു കഴിഞ്ഞു" എന്നു പ്രതിപാദിക്കുന്ന ഉദാഹരണങ്ങൾ നിങ്ങൾക്ക് പറയാം. ഉദാഹരണമായി – ആഹാബും ഇസബേലും, ബാബിലോൻ, യിസ്രായേൽ, ഹെരോദാവ്. [17]ഈ വാചകം എടുത്തിരിക്കുന്നത്, ഡബ്ലിയുബി. വെസ്റ്റ് ജൂനിയർ., *റെവലേഷൻ ത്രൂ ഫസ്റ്റ്-സെഞ്ചുറി ഗ്ലാസസ്*, എഡി. ബോബ് പ്രിച്ചാർഡ് (നാഷിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1997), 108. [18]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവലേഷൻ, ലുക്കിങ്ങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക്, ടെക്സ്: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 227. [19]എഡ്വേർഡ് എ. മെക്ഡവൽ, *ദ മീനിങ്ങ് ആന്റ് മെസേജ് ഓഫ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷിലേ: ബ്രോഡ്മാൻ പ്രസ്, 1951), 164. [20]അദ്ധ്യായം 15 ലും 16 ലും പുറപ്പാട് ഭാഷ ഉപയോഗിച്ചിരിക്കുന്നതായി നാം കഴിഞ്ഞ പാഠത്തിൽ പറഞ്ഞു.

[21]നിങ്ങൾക്ക് വേണമെങ്കിൽ, മിസ്രയിം ബാധകളെ കൂടുതൽ സമയമെടുത്ത് അവലോകനം നടത്താം. [22]ഈ പ്രസ്താവന പഴയനിയമം ഗ്രീക്കിലേക്ക് തർജിമ ചെയ്തതിൽനിന്നും (സെപ്റ്റ്വജിന്റ്) എടുത്തതാണ്. [23]രണ്ടാമത്തെ ദൂതൻ തന്റെ കലശം ഒഴിക്കുന്ന ചിത്രീകരണം ഈ പാഠത്തിന്റെ അവസാനം കാണാം. [24]രണ്ടും മൂന്നും കലശങ്ങൾ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് അവ യോജിപ്പിച്ച് വരക്കുവാനാണ് ഞാൻ ബ്രയനോട് പറഞ്ഞത്. അയാളുടെ ചിത്രീകരണത്തിൽ നിങ്ങൾക്ക് മൂന്ന് ദൂതന്മാരെ കാണാം. ഇടത്തുവശത്തു കാണുന്നതാണ് രണ്ടാമത്തെ ദൂതൻ, അവൻ തന്റെ കലശം സമുദ്രത്തിൽ ഒഴിച്ചു. മദ്ധ്യത്തിലുള്ള ദൂതൻ കരയിലെ ജലാശയങ്ങളിലേക്ക് തന്റെ കലശം ഒഴിച്ചുകൊണ്ടിരിക്കുന്നു. വലത്തുവശത്തുള്ള "ജലാധിപൻ" ആയ ദൂതൻ ദൈവം നീതിമാനാകയാൽ അവനെ പുകഴ്ത്തുന്നു. (തീർച്ചയായും, "ജലാധിപൻ" പ്രത്യേകിച്ച് വേറൊരു ദൂതനായിരുന്നില്ല, വേദഭാഗത്തെ പരാമർശം നോക്കുക.) [25]ലിയോൺ മോറിസ്, *റെവലേഷൻ,* റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 188. [26]ജെയിംസ് ഡി. സ്ട്രാസ്, *ദ സിയർ, ദ സേവിയർ, ആന്റ് സേവ്ഡ്,* ദബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ് (ജോപ്ലിൻ മോ: കോളേജ് പ്രസ്, 1963), 222. [27]ഹാൾ ലിൻസേ, ക്വോട്ടഡ് ഇൻ മെക്ഗ്വി

ഗിൻ, 237. [28]മൂന്നാമത്തെ കാഹളം ഊതിയപ്പോൾ, കരയിലെ ജലം കുടിക്കുവാൻ പറ്റാത്തതായി - കാരണം അതു കൈപ്പുള്ളതായിത്തീർന്നു. മൂന്നാമത്തെ കലശവുമായി കാണിച്ച *രക്തം*, "കുറ്റത്തിനു തക്കതായ ശിക്ഷ" എന്നാണ് ബോധ്യമാക്കിയത്. [29]11:17 ലേതുപോലെ, "വരുവാനുള്ളവൻ" എന്ന വാക്ക് ഇവിടെ ഉപയോഗിച്ചില്ല - കാരണം കർത്താവ് ന്യായവിധി നടത്തുവാൻ വന്നു കഴിഞ്ഞിരുന്നു. [30]അദ്ധ്യായം 15 ലെ മോശെയുടേയും കുഞ്ഞാടിന്റേയും പാട്ടിലെ വാക്കുകൾ പോലെയായിരുന്നു ദൂതന്റെ വാക്കുകൾ. "ദൈവം പരിശുദ്ധൻ" എന്നതിനെ കുറിച്ച് 15:4 നോക്കുക.

[31]നെഹെമ്യാവ് 9:33 നോക്കുക. [32]"വിശുദ്ധന്മാരും പ്രവാചകന്മാരും" എന്നു പറഞ്ഞതു രണ്ടുതരം ആളുകളെ പറയുവാനായിരുന്നില്ല, പിന്നെയോ, "നയിക്കുന്ന വരടക്കം *എല്ലാ* ക്രിസ്ത്യാനികളെയും ഉൾപ്പെടുത്തുന്നതിനായിരുന്നു". സഭയുടെ ആരംഭത്തിൽ നേതൃത്വത്തിനായി പ്രവാചകന്മാരും ഉണ്ടായിരുന്നു (എഫെസ്യർ 4:11). [33]"അവർ യോഗ്യർ" എന്നാണ് മൂലഭാഷയിൽ അക്ഷരികമായി (കെജെവി നോക്കുക). റോമർ 1:32-ൽ ചിലർ "മരണയോഗ്യർ" എന്ന് അർത്ഥം വരത്തക്കവണ്ണം പൗലൊസ് "യോഗ്യർ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. [34]ജോൺ റിസേ യുടെ, "*ദ ഫൈനൽ സൈക്കിൾ ഓഫ് ജഡ്ജ്മെന്റ്*," സെർമൺ പ്രീച്ച്ഡ് അറ്റ് ദ സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ് ഇൻ അബിലീൻ ടെക്സാസ്, ഓൺ 2, ജൂൺ 1991 ൽനിന്നും എടുത്തതാണ് ഈ ചിത്രീകരണം. വിശദീകരണം വന്നത് *1997, ഗ്രാലിയ മൾട്ടിമീഡിയ എൻസൈക്ലോപീഡിയ, എസ്. വി*, "പിസാരോ" ബൈ ഡേവിഡ് ജി. ബാസിലേ. [35]ഈ ചിത്രീകരണം ബില്ലി ഗ്രഹാമിന്റെ *അപ്രോച്ചിങ്ങ് ഹൂഫ്ബീറ്റ്സ്*: *ദ ഫോർ ഹോർസ്മെൻ ഓഫ് ദ അപോകാലിപ്സ്* (ന്യുയോർക്ക്: ഏ വൺ ബുക്സ്, 1985), 242 –43. [36]വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 610. നിങ്ങൾക്ക് വേറെ ചിത്രീകരണങ്ങൾ ചേർക്കാം. [37]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "നിങ്ങൾക്ക് ചോദ്യങ്ങളുണ്ടോ? ദൈവത്തിന് ഉത്തരങ്ങളുണ്ട്!" എന്ന പാഠത്തിലെ യാഗപീഠത്തെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [38]മെക്ഗ്വിഗിൻ, 238. (എംഫസിസ് ഹിസ്.) [39]"കൊടുത്തു" എന്ന പ്രയോഗം എല്ലായ്പോഴും *ദൈവ*മാണ് നിയന്ത്രിക്കുന്നത് എന്നു ഉറപ്പിക്കുന്നു. [40]ഈ കലശത്തിന് മിസ്രയിം ബാധയുമായി സാമ്യമില്ല. ഇതിനുള്ള പഴയനിയമ പശ്ചാത്തലം യെശയ്യാവ് 49:8–10 ആയിരിക്കാം. ദൈവനീതിയുടെ ചിഹ്നമായിട്ടാണ് തീ പലപ്പോഴും ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. (സങ്കീർത്തനങ്ങൾ 97:3–7; 104:4; യെശയ്യാവ് 47:13, 14; 50:11 നോക്കുക.)

[41]സൂര്യാഘാതത്തെ കുറിച്ച് നിങ്ങൾക്ക് അനുഭവപ്പെട്ട കാര്യങ്ങൾ പറയാം. അത്യുഷ്ണത്താൽ പഞ്ഞിച്ചെടിയും ചോളച്ചെടിയും ഉണങ്ങിപ്പോയത് ഞാൻ ഓർക്കുന്നു. അത് *അത്യുഷ്ണ*മായിരുന്നു! [42]മറ്റൊരു പഴയനിയമ സമാനതക്ക് ആമോസ് 4:9 നോക്കുക. [43]ഇതിനെ കുറിച്ച് കൂടുതലായി അടുത്ത പാഠത്തിൽ നാം പഠിക്കും. [44]റോമാ സാമ്രാജ്യത്തിന്റെ വീഴ്ച്ച പ്രകൃതി വിപത്തായിരുന്നു എന്ന് വീണ്ടും പറയട്ടെ. [45]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 194. ക്രിസ്ത്യാനിക്ക് അത്തരം വിപത്തുകൾ കർത്താവിൽ വളരുവാൻ ഉള്ള അവസരമായി കണക്കാക്കാം. [46]യെഹസ്ക്കേൽ 36:31; 2 തിമൊഥെയൊസ് 2:8; യൂദാ 17 എന്നീ വേദഭാഗങ്ങളിലെ "ഓർക്കുക" എന്ന വാക്ക് നോക്കുക. നിങ്ങൾ ഇത് അവതരിപ്പിക്കുമ്പോൾ ആ വേദഭാഗങ്ങൾ ഉറക്കെ വായിച്ച് പരാമർശിക്കുക. [47]ചക്ക് കോൾക്ലാഷർ, *ദ ഓവർകമേഴ്സ്*, ക്വോട്ടഡ് ഇൻ മോറിസ്, 190.

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. തങ്ങളുടെ പാപങ്ങളെ ദൈവം "ഓർക്കുമെന്ന്" അധികം പേരും അറിയുന്നുണ്ടോ? അവർക്ക് അറിയാമെങ്കിൽ അവർ അത് ശ്രദ്ധിക്കുന്നുണ്ടോ? അവർ അത് ശ്രദ്ധിക്കേണ്ടേ?
2. ഏഴ് മുദ്രകൾ, ഏഴ് കാഹളങ്ങൾ, ഏഴ് കലശങ്ങൾ ഇവ തമ്മിലുള്ള ബന്ധം പറയുക.
3. ഏഴ് കാഹളങ്ങളും ഏഴ് കലശങ്ങളും താരതമ്യം ചെയ്യുക. അവയ്ക്ക് പൊതുവായുള്ളതെന്തെല്ലാം? ഏത് രീതിയിലാണ് അവയ്ക്ക് വ്യത്യാസമുള്ളത്?
4. കലശങ്ങളെ പ്രാഥമികമായി താൽക്കാലികമായ വിധിയെയാണോ അതോ അന്തിമ വിധിയെയാണോ പറയുന്നത്? പാഠമനുസരിച്ച് ഏതെല്ലാം മൂന്നു പ്രായോഗികതയാണ് വരുത്താവുന്നത്?
5. മിസ്രയിമിലെ പത്തു ബാധകളെ പറയുക. ആ ബാധകൾ എങ്ങനെ വെളിപ്പാട് 16 ലേതുമായി ബന്ധപ്പെട്ടിരിക്കുന്നു?
6. ആദ്യത്തെ കലശം ഒഴിച്ചപ്പോൾ എന്തു സംഭവിച്ചു? ആ കലശം ഒഴിച്ചപ്പോൾ ആരെയാണ് ബാധിച്ചത്?
7. ഏഴ് കലശങ്ങളുടെ ഭാവന നാം അക്ഷരികമായി എടുക്കണോ?
8. രണ്ടാമത്തെകലശം ഒഴിച്ചപ്പോൾ എന്തു സംഭവിച്ചു? മൂന്നാമത്തേതിലോ?
9. (1) ആളുകൾ തന്നെയാണ് അവരിൽ ന്യായവിധി നടത്തുന്നത് (2) പലപ്പോഴും "കുറ്റത്തിനു തക്ക" ശിക്ഷയാണ് സംഭവിക്കുന്നത് എന്നി സത്യങ്ങൾ മൂന്നാമത്തെ കലശത്തിൽ ഉൾപ്പെട്ടിരിക്കുന്നതെങ്ങനെ?
10. നാലാമത്തെ കലശം ഒഴിച്ചപ്പോൾ എന്തു സംഭവിച്ചു? എന്തായിരുന്നു ഉദ്ദേശം? ഇന്നും വരുന്ന കുഴപ്പങ്ങൾക്ക് ആളുകൾ ദൈവത്തെ പഴിക്കുമോ?
11. നമ്മുടെ പാപങ്ങൾ ദൈവം "ഓർക്കാതിരിക്കേണ്ടതിന്ന്" നാം എന്തു ചെയ്യണം?



ഏഴ് ക്രോധകലശങ്ങൾ (16:1)



ഒന്നാമത്തെ കലശം (16:2)



രണ്ടും മൂന്നും കലശങ്ങൾ (16:3–7)



**നാലാമത്തെ കലശം (16:8, 9)**